## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6082 — 02/04/2018 ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം

**ചോദ്യം**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2011-2016 കാലഘട്ടത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം ലാഭത്തിലായിരുന്നോ നഷ്ടത്തിലായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | 2011-2016 കാലഘട്ടത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രവർത്തനം നഷ്ടത്തിലായിരുന്നു. |
| (ബി) | നഷ്ടത്തിലായിരുന്നെങ്കിൽ ഇതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | പരമ്പരാഗത മേഖലയിലുള്ള കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ പതിനായിരക്കണക്കിന് വരുന്ന ഈറ്റവെട്ട്, പനമ്പ് നെയ്ത്തു തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി രൂപീകൃതമായ ഒരു സ്ഥാപനമാണ്. സർക്കാരിൽ നിന്ന് 2011-12 വരെയുള്ള കാലയളവിൽ ഏകദേശം 42 കോടി രൂപയുടെ ധനസഹായം വായ്പയായി ലഭിക്കുകയും ഈ വായ്പയുടെ പലിശയിനത്തിൽ ഏകദേശം പ്രതിവർഷം 4.50 കോടി രൂപ വാർഷിക കണക്കിൽ പ്രൊവിഷൻ ആയി വകയിരുത്തിയിട്ടുമുണ്ട്. ഈ തുക നഷ്ടത്തിന്റെ ഒരു ഭാഗമാണ്. വനത്തിൽ നിന്നും 14.66 രൂപയ്ക്ക് ശേഖരിക്കുന്ന ഒരു കോൽ ഈറ്റ ഡിപ്പോകളിൽ നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് 4.86 രൂപയ്ക്കാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഈറ്റ വിതരണത്തിൽ ഇപ്രകാരം കോർപ്പറേഷന് വന്നിട്ടുള്ള നഷ്ടം 1.50 കോടി രൂപയാണ്. കൂടാതെ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി.എ നൽകുന്നതിനും ഓണത്തോടനുബന്ധിച്ച് നൽകുന്ന സപ്ലൈ ഇൻസെന്റീവ് വിതരണം ചെയ്യുന്നതിനുമായി വേണ്ടി വരുന്ന വലിയ തുക കോർപ്പറേഷന്റെ നഷ്ടത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്. |
| (സി) | കോർപ്പറേഷനെ ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 10 യന്ത്രവല്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ച് 1000 വനിതകൾക്ക് തൊഴിലവസരം നൽകുന്നതിന് ലക്ഷ്യമിടുകയും അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 5 യന്ത്രവല്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ മുണ്ടങ്ങാമറ്റം, തോട്ടകം, മഴുവന്നൂർ, തേങ്കുറിശ്ശി, ഇരട്ടക്കുളം എന്നിവിടങ്ങളിൽ ആരംഭിക്കുകയും അതുവഴി 250 പേർക്ക് നേരിട്ടും 250 പേർക്ക് അല്ലാതെയും ജോലി നൽകുകയുണ്ടായി. ഇതിലൂടെ പനമ്പ് കൂടുതൽ ഉല്പാദിപ്പിച്ച് ബാംബൂ പ്ലൈയുടെ ഉല്പാദനം വർദ്ധിപ്പിച്ച് കോർപ്പറേഷന് അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കുന്നതാണ്. സംസ്കരിച്ച മുള ഉപയോഗിച്ച് വനം വകുപ്പ്, കെ.ടി.ഡി.സി, ഫിഷറീസ് യൂണിവേഴ്സിറ്റി എന്നീ സ്ഥലങ്ങളിൽ ഇക്കോ ഹബ്, ഹട്ടുകൾ, ബാംബൂ ഫർണിച്ചറുകൾ , വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബോട്ടുകളുടെ നിർമ്മാണം, തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് കോർപ്പറേഷന് ലഭിച്ച വർക്ക് ഓർഡറുകൾ പൂർത്തീകരിച്ച് വരുന്നു. കൂടാതെ പുതിയ പ്രോജക്ട് എന്ന നിലക്ക് ബാംബൂ ലോഗ്സ്,ബാംബൂ കൊറഗേറ്റഡ് ഷീറ്റ്, , ചന്ദനത്തിരി സ്റ്റിക്ക് എന്നിവ നിർമ്മിക്കുന്നത് വഴി ഏകദേശം 200 പേർക്ക് പുതുതായി തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതി കോർപ്പറേഷന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | പരമ്പരാഗത ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ബാംബൂ കോർപ്പറേഷന് നടപ്പ് വർഷം 3 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ ബാംബൂ കോർപ്പറേഷന് വകയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ